# കോവിഡ് സമയത്തെ കുടുംബശ്രീ പ്രവർത്തനങ്ങൾ

**ബ്ലോക്ക്  : പള്ളം**

**സി ഡി എസ്  : അയർക്കുന്നം**

സംസ്ഥാനത്തെ കേവലദാരിദ്ര്യം പൂർണ്ണമായി ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ 1998 മെയ് 17 നു  നിലവിൽ വന്ന പദ്ധതിയാണ് കുടുംബശ്രീ . സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെയും, ദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനങ്ങളിലൂടെയും ലോകത്തിനു തന്നെ മാതൃകയാകാൻ കുടുംബശ്രീക്ക് സാധിച്ചു . ഒരുകൂട്ടം ഇല്ലായ്മകളുടേയും നിഷേധങ്ങളുടേയും ഫലമാണ് ദാരിദ്ര്യം എന്നതാണ് കുടുംബശ്രീയുടെ കാഴ്ചപ്പാട്. അതിനാൽത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും എക്കാലവും പുറന്തള്ളപ്പെട്ടവരും ദാരിദ്ര്യത്തിന്റെ തീക്ഷ്ണത നേരിട്ടനുഭവിച്ചറിഞ്ഞവരുമായ ദരിദ്രവനിതകളുടെ ശാക്തീകരണപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്ന പ്രവർത്തന തന്ത്രത്തിലൂടെ ദരിദ്ര സ്ത്രീകളുടെ കാര്യശേഷിയിലും ആസൂത്രണ വൈഭവത്തിലും പൂർണ്ണവിശ്വാസം പുലർത്തി തികച്ചും സുതാര്യവും വികേന്ദ്രീകൃതവുമായ സമീപനമാണ് പദ്ധതിയ്ക്കുള്ളത്. ദാരിദ്ര്യ ലഘൂകരണത്തിനുള്ള സമ്പാദ്യ വായ്പാ പദ്ധതികളും സ്വയംതൊഴിൽ സംരംഭങ്ങളുമായി തുടക്കം കുറിച്ച കുടുംബശ്രീ ഭാവനാപൂർണമായ വിപുലീകരണത്തിലൂടെയും വൈവിധ്യവൽക്കരണത്തിലൂടെയും ഇന്ന് സ്ത്രീജീവിതത്തിന്റെ സർവമണ്ഡലങ്ങളെയും സ്പർശിക്കുന്ന ജനകീയ പ്രസ്ഥാനമായി വളർന്നു പടർന്നിരിക്കുന്നു

കോവിഡ് 19 എന്ന മഹാമാരി ലോകജനതയെ ഒന്നടങ്കം ഭീതിയിലാഴ്ത്തിയിരിക്കുന്ന സാഹചര്യത്തിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ സമൂഹത്തിനു വളരെ പ്രയോജനം ചെയ്യുന്നതും മാതൃകാപരവും ആയിരുന്നു. കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ  സി ഡി എസിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

<u>സാമൂഹിക അടുക്കള</u>

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ 28 മാർച്ച് 2020 നു സാമൂഹിക അടുക്കള പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലെ നിർധനരായ കുടുംബങ്ങൾ , കിടപ്പുരോഗികൾ , തെരുവിൽ അലയുന്നവർ , ആശ്രയ ഗുണഭോക്താക്കൾ, ഒറ്റപ്പെട്ടു താമസിക്കുന്നവർ , ക്വാറന്റൈനിൽ കഴിയുന്നവർ തുടങ്ങിയവർക്ക് പഞ്ചായത്ത് നിർദ്ദേശപ്രകാരം ഭക്ഷണ പൊതികൾ നൽകി. സാമൂഹിക അടുക്കള വഴി കോവിഡ് കാലത്ത് 3289 ഭക്ഷണ പൊതികൾ വിതരണം ചെയ്തു. സി ഡി എസിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന പഞ്ചമി കാറ്ററിംഗ് യൂണിറ്റ് ആണ് സാമൂഹിക അടുക്കളയിൽ ഭക്ഷണം ഉണ്ടാക്കിയത്.ഭക്ഷണം വീടുകളിൽ എത്തിക്കുന്നതിനായി സന്നദ്ധ പ്രവർത്തകരായി കുടുംബശ്രീ അംഗങ്ങളുമുണ്ടായിരുന്നു. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പാലിക്കേണ്ട എല്ലാ നിബന്ധനകളും പാലിച്ചാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചത്. മെയ് 4 മുതൽ കമ്മ്യൂണിറ്റി കിച്ചൻ ജനകീയ ഹോട്ടൽ എന്ന ചട്ടകൂട്ടിലേക്ക് മാറി പ്രവർത്തിച്ചു വരുന്നു.




## മാസ്ക് നിർമ്മാണം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം 1900 മാസ്കുകൾ നിർമ്മിച്ചു നൽകി കൂടാതെ വാർഡുകളിലെ വീടുകളിലും, തൊഴിലുറപ്പു ജോലികൾ ചെയ്യുന്നവർക്കും വേണ്ട മാസ്കുകൾ ആവശ്യാനുസരണം ചെയ്തു കൊടുക്കുന്നു. മാസ്ക് നിര്മാണത്തിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് ലോക്ക്ഡൗൺ കാലത്തു വരുമാനം കണ്ടെത്താനും, അവർക്കു കൂടുതൽ പ്രചോദനം നൽകാനും സാധിച്ചു.

## കൗൺസിലിംഗ്

ലോക്ക് ഡൗൺ സമയത്തു ഒറ്റയ്ക്ക് താമസിക്കുന്നവരും , ക്വാറന്റൈനിൽ കഴിയുന്ന ആളുകളും നേരിടുന്ന മാനസിക ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ കൗൺസിലിംഗ് , മാനസിക പിന്തുണയും നൽകുന്നതിന് സ്നേഹിതാ കമ്മ്യൂണിറ്റി കൗൺസിലേഴ്സിനു സാധിച്ചിട്ടുണ്ട്.

## സി ഡി എസ് മെമ്പർമാരുടെ സേവനം

ആശ്രയ കുടുംബങ്ങൾക്ക് കിറ്റുകൾ വീട്ടിലെത്തിച്ചു നൽകുന്നതിനുള്ള സഹായം ചെയ്തു ,കൂടാതെ ലോക്ക് ഡൗൺ കാലത്തു അവരുടെ വീടുകളിൽ പോയി അവർക്കു വേണ്ട മാനസിക പിന്തുണ നൽകി.



പുറത്തിറങ്ങി മരുന്ന് വാങ്ങാനും , വീട്ടിലേക്കു ആവശ്യമായ സാധനങ്ങൾ വാങ്ങാനും സാധിക്കാത്തവർക്ക് മരുന്നും സാധനങ്ങളും വാങ്ങി വീട്ടിൽ എത്തിച്ചു നൽകി . ബ്ലോക്ക് പഞ്ചായത്തിന്റെയും , ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും ലഭിച്ച പ്രതിരോധ മരുന്നുകൾ വാർഡ് തലത്തിൽ വീടുകളിൽ വിതരണം ചെയ്തു.

**ജൈവാങ്കണം**

കോവിഡ് പോലുള്ള പകർച്ച വ്യാധികൾ ലോകമെമ്പാടും വ്യാപിക്കുമ്പോൾ സമൂഹം നേരിടുന്ന വെല്ലുവിളികളിൽ ഒന്നാണ് ഭക്ഷ്യ ദൗർലഭ്യത. ഇതിനെ മറികടക്കുന്നതിന് ഓരോ കുടുംബവും തങ്ങൾക്കാവശ്യമായ ഭക്ഷ്യ വസ്തുക്കൾ ഉത്പാദിപ്പിക്കുക എന്നതാണ് ഒരു മാർഗം. ഈ ഒരു ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടിയാണു കോട്ടയം കുടുംബശ്രീയുടെ നേതൃത്വത്തിൽ ജൈവാങ്കണം എന്ന ക്യാമ്പയിൻ നടത്തിയത്.ഈ ക്യാമ്പയ്നിന്റെ ഭാഗമായി അയർക്കുന്നം സി ഡി എസിലെ കുടുംബശ്രീ അംഗങ്ങൾ , തങ്ങളുടെ വീടുകളിൽ അടുക്കള തോട്ടം നിർമ്മിക്കുകയും, അതിൽ നിന്ന് ലഭിച്ച പച്ചക്കറികൾ ലോക്ക് ഡൗൺ കാലത്തു ഉപയോഗിച്ചുവരികയും ചെയ്യുന്നു





**<u>സന്നദ്ധ സേന രെജിസ്ട്രേഷൻ</u>**

150 കുടുംബശ്രീ അംഗങ്ങൾ സന്നദ്ധ സേനയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് . അവരുടെ സേവനം കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കും മറ്റു പ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തി.

RAJEEV R

NRLM BLOCK COORDINATOR

PALLOM BLOCK